LIBRARY ARCHIVES Kerala Legislative Assembly

ഒൺ ടൈം മെയിന്റനൻസ് പദ്ധതി

246(3132) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ നിന്നാണ് 'ഒൺ ടൈം മെയിന്റനൻസ് പദ്ധതിയിൽ' ഉൾപ്പെടുത്തി റോഡുകൾ നന്നാക്കുന്നിനുള്ള അപേക്ഷകൾ ലഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഓരോ അപേക്ഷയും ലഭിച്ച തീയതിയും അപേക്ഷിച്ച പ്രവൃത്തികൾക്ക് അംഗീകാരം നൽകിയ തീയതിയും വിശദമാക്കുമോ;

(സി) ഏതെല്ലാം മണ്ഡലങ്ങളിലെ അപേക്ഷകൾക്കാണ് ഇതുവരെ അംഗീകാരം നൽകാതിരുന്നതെന്ന് വിശദമാക്കുമോ; ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, ബേപ്പൂർ, കുന്ദമംഗലം, എലത്തൂർ, പേരാമ്പ്ര, കൊയിലാണ്ടി, കൊടുവള്ളി, തിരുവമ്പാടി, ബാലുശ്ശേരി, വടകര, നാദാപുരം, കുറ്റ്യാടി എന്നീ നിയോജക മണ്ഡലങ്ങളിൽ നിന്നാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളത്.-

(ബി&സി) കോഴിക്കോട് ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒൺ ടൈം മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്.

പാലം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ

247(3133) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭ്യമായ കട്ടനാട്ടിലെ കൈനകരി മുട്ടേൽ പാലത്തിന്റെ നിർമ്മാണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തട്ടാശ്ശേരി പാലത്തിന് അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ചമ്പക്കുളം പാലം പണി പൂർത്തീകരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റീടെൻഡർ ചെയ്തതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വൈശ്യംഭാഗം (കഞ്ഞിപാടം) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?